പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 1611

14/07/2016 ൽ

മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ**

ചോദ്യം

ശ്രീ. കെ.സി.ജോസഫ്
ശ്രീ. എ.പി.അനിൽ കുമാർ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. ഹൈബി ഈഡൻ

മറുപടി

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ; | എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെയും വിവിധ പദ്ധതികളുടെയും പുരോഗതി യഥാസമയം അവലോകനം ചെയ്യുന്നതിനായി റിയാബ് മുഖേനയുള്ള ഇൻറർനെറ്റ് അധിഷ്ടിത പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകം തന്നെ പുന:സംഘടിപ്പിച്ചിട്ടുണ്ട്<br><br>കമ്പനികളുടെ ഡയറക്ടർ ബോർഡ് ഉൾപ്പെടെയുള്ള മാനേജ്മെൻറ് സംവിധാനം ശക്തിപ്പെടുത്തിയും, സുതാര്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിലേക്കായി ഇ-പ്രൊക്യുർമെൻറ് മുതലായ കാര്യക്ഷമമായ ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ അതാത് മേഖലകളിൽ വിദഗ്ദ്ധരായവരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br><br>ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള |

ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതാണ്.

വിപുലീകരണത്തിനുള്ള മൂലധനം സ്വയം കണ്ടെത്തുവാൻ സ്ഥാപനങ്ങളെ സ്വയം പര്യാപ്തമാക്കുക, പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുക. വ്യാവസായിക മേഖലയിലെ വിവിധ ഗവേഷണസ്ഥാപനങ്ങളുമായി യോജിച്ച് പൊതുമേഖലയിൽ നൂതന സാങ്കേതിക സംവിധാനങ്ങളും, വൈവിദ്ധ്യവത്ക്കരണവും നടപ്പിലാക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകി പദ്ധതികൾക്ക് രൂപം നൽകും. ആഗോളവത്ക്കരണത്തിന്റെ അനന്തരഫലമായി ശാക്തീകരിച്ച വാണിജ്യമേഖലയിൽ മാത്സര്യ ബോധത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളിലെ മാനവ വിഭവശേഷി യുടെ തുടർച്ചയായ ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ബി) ഇതിനായി പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒരുക്കിയ സംവിധാനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

ബി) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകനയോഗങ്ങൾ റിയാബ്

ചെയർമാൻെറ നേതൃത്വത്തിൽ നടന്നുകഴിഞ്ഞു. ഇതിൻെറ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവത്ക്കരണവും, വിപുലീകരണവും, ഉൽപ്പാദന വൈവിധ്യവത്ക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനം സർക്കാർ കൈക്കൊള്ളുന്നതായിരിക്കും.

സി) പ്രസ്തുത സംവിധാനങ്ങൾ നടപ്പാക്കുന്നതിന് ആരുടെയെല്ലാം സേവനങ്ങളാണ് പ്രയോജനപ്പെടുത്തിയതെന്ന് വിശദീകരിക്കാമോ?

സി) പ്രസ്തുത സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് പ്രധാനമായും റിയാബിന്റെ സേവനങ്ങളാണ് പ്രയോജനപ്പെടുത്തിവരുന്നത്. ആവശ്യമായി വരുന്നപക്ഷം ബന്ധപ്പെട്ട മേഖലകളിലെ കൂടുതൽ സ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനെകുറിച്ചും ആലോചിക്കുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ